ബി - 26409/90

ഫോറസ്റ്റ് ഹെഡ് ക്വോർട്ടേഴ്സ് ,
തിരുവനന്തപുരം. 15.11.1999.

**<u>സർക്കുലർ നമ്പർ 13/99</u>**

വിഷയം : അച്ചടക്ക ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിലെ അനാവശ്യ കാലതാമസം ഒഴിവാക്കുന്നതു സംബന്ധിച്ച് -

അഴിമതി , ഔദ്യോഗിക ചുമതലകളിൽ ഗുരുതരമായ കൃത്യവിലോപം, ധനം ദുർവിനിയോഗം എന്നീ കേസ്സുകളിൽപ്പെടുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അന്വേഷ ണം യഥാദസമയം നടത്താതിരിക്കുകയും റിപ്പോർട്ട് അയയ്ക്കാൻ അനാവശ്യ കാലതാമസം വരുത്തുക എന്നിവ ഡിപ്പാർട്ടുമെന്റിൽ പതിവായി തീർന്നിരിക്കുന്നു. ഇതുമൂലം ശിക്ഷിക്കപ്പെടേണ്ടവർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടും, മരണപ്പെട്ടിട്ടും നടപടി പൂർത്തിയാക്കാൻ കഴിയാത്ത ഒരു അവസ്ഥ സംജാതമാക്കുന്നു. ഇത് നീതികരിക്കാനാവില്ല.

2. അതുപോലെ തന്നെ അച്ചടക്ക ശിക്ഷണ നടപടി സ്വീകരിച്ചു കഴിഞ്ഞാൽ തുടർ നടപടി യഥാസമയം പൂർത്തിയാക്കാൻ വീഴ്ച വരുത്തുക. ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചാൽ യഥാസമയം റിപ്പോർട്ട്ി തരാതെ വർഷങ്ങൾ കഴിഞ്ഞു റിപ്പോർട്ട് തരിക എന്നിവ മൂലം, അന്വേഷണവും , റിപ്പോർട്ടും പൂർത്തിയാക്കുമ്പോഴും നടപടിയൊന്നും സ്വീകരിക്കാൻ കഴിയാത്ത സ്ഥിരിയിലായിരിക്കും കാര്യങ്ങൾ.

മേൽ സാഹചര്യത്തിൽ, അച്ചടക്ക നടപടിയുടെ ഭാഗമായിട്ടുള്ള എല്ലാ തുടർ നടപടികളും യഥാസമയം നടത്തുകയും അന്വേഷണ വിവരങ്ങൾ ഔപചാരിക അന്വേഷണ റിപ്പോർട്ടുകൾ തുടങ്ങിയ നിർദ്ദിഷ്ട സമയത്തു തന്നെ സമർപ്പിക്കുകയും ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് എല്ലാവരേയും അറിയിക്കുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ജനറൽ)

എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും ,കൺസർവേറ്റർമാർക്കും ഡി എഫ്. ഒ മാർക്കും .

(ശരിപകർപ്പ് )

കൺസർവേറ്റർക്കുവേണ്ടി